## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2865    10/05/2017 ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കാൻ നടപടി**

ചോദ്യം — ശ്രീ. ആർ. രാമചന്ദ്രൻ

ഉത്തരം — ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കലിന്റെ കണക്ക് പരിശോധിക്കാൻ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. എല്ലാ വകുപ്പുകളുടെയും പ്രതിമാസ ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തുകയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ട് ആവശ്യമായ നിർദ്ദേശങ്ങളോട് കൂടി എല്ലാ വകുപ്പുതലവൻമാർക്കും തുടർനടപടികൾക്കായി നൽകി വരുന്നുമുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ തീർപ്പാക്കൽ പരിശോധിക്കുന്നതിനോടൊപ്പം മന്ത്രിമാരുടെ ഓഫീസുകളിൽ ഫയൽ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത് പരിഹരിക്കാനാവശ്യമായ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | മന്ത്രിമാരുടെ ഓഫീസുകളിൽ ഫയൽ തീർപ്പാക്കാൻ കാലതാമസം നേരിടുന്നില്ല; സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കലിനായി ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ട് ; ഉദ്യോഗസ്ഥതല യോഗങ്ങൾ വിളിയ്ക്കുകയും, മന്ത്രിമാർ നേരിട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| (സി) | ഭരണപരിചയമില്ലാത്ത ജീവനക്കാർ മന്ത്രിമാരുടെ ഓഫീസുകളിൽ ജോലി ചെയ്യുന്നതാണ് ഇത്തരത്തിൽ ഫയൽ നീക്കം ഗണ്യമായി കുറയാൻ കാരണമെന്ന ആരോപണം പരിശോധിക്കുമോ; | (സി) | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; 2017 ജനുവരി 31 വരെ ഈ സർക്കാർ തീർപ്പാക്കിയ ഫയലുകൾ, ഇനി തീർപ്പാക്കാനുള്ളവ എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. 2016 ജൂൺ മുതൽ 2017 ജനുവരി 31 വരെ<br>ആരംഭിച്ച ഫയലുകൾ - 2,16,638<br>തീർപ്പാക്കിയ ഫയലുകൾ - 1,24,999 (57.7%)<br>തീർപ്പാക്കാനുള്ളവ - 99,639 (42.3%) |

സെക്ഷൻ ഓഫീസർ